RCS/2274/2020-G(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.04.05.2020

**സർക്കുലർ നമ്പർ 33/20**

വിഷയം:- കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ - രോഗവ്യാപനം തടയുന്നത് - ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്

പരാമർശം:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 24.03.2020 ലെ 21/2020 . നമ്പർ സർക്കുലർ നിർദ്ദേശം.
2. എസ്.എൽ.ബി.സി.യുടെ2.5.2020 ലെ Kerala SLBC/Covid/81/2020 നമ്പർ നിർദ്ദേശം

*****

കോവിഡ് 19 ന്റെ രോഗ വ്യാപനത്തെ തുടർന്ന് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തന സമയം പരാമർശം (1) പ്രകാരം 2 മണിവരെ നിജപ്പെടുത്തിയിരുന്നു. ലോക്ക്ഡൗൺ വ്യവസ്ഥകളിൻമേൽ 4.5.2020 മുതൽ ഇളവുകൾ അനുവദിച്ചും പരാമർശം (2) പ്രകാരം സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ അടക്കമുള്ള ബാങ്കുകൾ സാധാരണ പ്രവർത്തി സമയം അനുസരിച്ച് പ്രവർത്തിക്കുന്നതിന് നിർദ്ദേശിച്ചും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള മുഴുവൻ സഹകരണ ബാങ്കുകളും/സംഘങ്ങളും സാധാരണ പ്രവർത്തി സമയം അനുസരിച്ച് പ്രവർത്തിക്കുവാൻ നിർദ്ദേശിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 10.00മണി മുതൽ 05.00 മണിവരെ അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അതാത് പ്രദേശത്തെ സാഹചര്യങ്ങൾക്ക് അനുസരണമായി സർക്കാരിന്റേയും ജില്ലാ ഭരണകൂടത്തിന്റേയും നിയന്ത്രണങ്ങൾക്ക് വിധേയമായി ആവശ്യമായ സമയക്രമീകരണം അതാത് ഭരണ സമിതി സ്വീകരിക്കേണ്ടതാണ്. ജോലിക്ക് ഹാജരാകുന്നതിൽ നിന്നും ഇളവ് അനുവദിച്ചിട്ടുള്ള ഗർഭിണികൾ, ആരോഗ്യ പ്രശ്നമുള്ളവർ, ഭിന്നശേഷിക്കാർ, ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ തുടങ്ങിയ വിഭാഗം ജീവനക്കാർക്ക് സർക്കാർ നിർദ്ദേശത്തിനനുസരിച്ച് ഭരണ സമിതികൾ ഇളവ് അനുവദിക്കേണ്ടതാണ്.

സംസ്ഥാനത്തെ ഹോട്ട് സ്പോട്ടുകളായും കണ്ടയിൻമെന്റ് സോണുകളായും പ്രഖ്യാപിച്ചിട്ടുള്ള പ്രദേശങ്ങളിൽ അതാത് ജില്ലാ ഭരണ കൂടത്തിന്റെ നിർദ്ദേശാനുസരണം സംഘങ്ങൾ/ബാങ്കുകൾ പ്രവർത്തനം ക്രമീകരിക്കേണ്ടതാണെന്നും അറിയിക്കുന്നു.

ഒപ്പ്
എ. അലക്സാണ്ടർ ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-
1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും

8. മറ്റ് ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.
9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)